Probability List –Tailoring Instructor –
Social Welfare Dept.

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
# ജില്ലാ ആഫീസ്, എറണാകുളം

പി. എൽ. നമ്പർ : 3/08/ഡി. ഒ.ഇ. എറണാകുളം,
കാറ്റഗറി നമ്പർ : 76/06 25.04.2008.

## വിജ്ഞാപനം

11.09.2006 ലെ ഗസറ്റ് വിജ്ഞാപനം അനുസരിച്ച് എറണാകുളം ജില്ലയിൽ സാമൂഹ്യക്ഷേമ വകുപ്പിൽ 3050 – 5230 രൂപ ശമ്പള നിരക്കിൽ ടെയ്ലറിംഗ് ഇൻസ്ട്രക്ടർ (കാറ്റഗറി നമ്പർ 76/2006) തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനായി 16.06.2007 ൽ നടത്തിയ എഴുത്തു പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് പട്ടികയിൽ ഉൾപ്പെടുവാൻ അർഹരാണെന്നു കണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ അടങ്ങിയ സാധ്യതാ പട്ടിക ചുവടെ ചേർക്കുന്നു.

രജിസ്റ്റർ നമ്പറുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല. എറണാകുളം ജില്ലയെ സൂചിപ്പിക്കുന്നതിനായി രജിസ്റ്റർ നമ്പറുകളുടെ മുൻപിൽ 'ഇ' ചേർത്ത് വായിക്കേണ്ടതാണ്.

## മുഖ്യ പട്ടിക

| | | | | |
|---|---|---|---|---|
| 226 | 254 | 452 | 473 | 691 |
| 721 | 792 | 852 | 896 | 953 |

## ഉപ പട്ടികകൾ

### 1. ഈഴവ

| | | | | |
|---|---|---|---|---|
| 426 | 458 | 460 | 528 | 735 |
| 891 | 926 | | | |

### 2. പട്ടികജാതി

| | | | |
|---|---|---|---|
| 338 | 440 | 454 | 772 |

**3. പട്ടിക വർഗ്ഗം**

257 457

**4. മുസ്ലീം**

556 569 592 624 708 741

**5. ലാറ്റിൻ കാത്തലിക്**

591 620

**6. മറ്റു പിന്നോക്ക വിഭാഗങ്ങൾ**

343 965

**7. വിശ്വകർമ്മ**

235 (P.H.) 484

**8.എസ്. ഐ. യു. സി. നാടാർ/ആംഗ്ലോ ഇൻഡ്യൻ**

456

**9. മറ്റു കൃസ്ത്യാനികൾ**

322 495

**10. ധീവര**

301 615

1. അപേക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്കും നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായാണ് രജിസ്റ്റർ നമ്പരുകൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് റാങ്ക്പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥിക്ക് പ്രദാനം ചെയ്യുന്നില്ല.

2. ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. പിന്നീട് ഉന്നയിക്കുന്ന അവകാശങ്ങളൊന്നും യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

3. പരീക്ഷയിൽ 56 (അൻപത്തി ആറ്) മാർക്കും അതിനു മുകളിലും ലഭിച്ചവരുടെ രജിസ്റ്റർ നമ്പറുകളാണ് മുഖ്യപട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മാർക്കിൽ ആവശ്യാനുസരണം ഇളവു വരുത്തി പിന്നോക്ക വിഭാഗക്കാർക്കുള്ള ഉപപട്ടികകളും തയ്യാറാക്കിയിരിക്കുന്നു.

4. സാധ്യതാപട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്ന കാര്യങ്ങൾ - അതായത് ജനനതീയതി, വിദ്യാഭ്യാസയോഗ്യത, സമുദായം തുടങ്ങിയ വയും മറ്റ് ആനുകൂല്യങ്ങൾ അവകാശപ്പെട്ടിരുന്നെങ്കിൽ അതും തെളിയിക്കുന്നതിന് ആവശ്യമായ പ്രമാണങ്ങളുടെ അസ്സലും സ്വയം സാക്ഷ്യ പ്പെടുത്തിയ ഓരോ ശരിപ്പകർപ്പും പി.എസ്.സി.യുടെ എറണാകുളം ജില്ലാ ആഫീസിൽ സർട്ടിഫിക്കറ്റ് പരിശോധന സമയത്ത് നേരിട്ട് ഹാജരാക്കേണ്ടതാണ്.

5. ഈ സാധ്യത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും 25/08/2007-ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി)നം. 46/2007 എസ്.സി./എസ്.റ്റി ഡി.ഡി പ്രകാരം നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജാരാക്കേണ്ടവരുമായ മറ്റുപിന്നോക്ക സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ തങ്ങൾ ഹാജാരാക്കേണ്ട മറ്റു പ്രമാണങ്ങളോടൊപ്പം നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. മുഖ്യപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഇത്തരം ഉദ്യോഗാർത്ഥികൾ നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം അവരെ സാമുദായിക സംവരണത്തിന് അർഹമല്ലാത്ത 'ഓപ്പൺകോമ്പറ്റീഷൻ' ഉദ്യോഗാർത്ഥികളായി പരിഗണിക്കുന്നതാണ്. മറ്റു പിന്നോക്കസമുദായങ്ങളുടെ ഉപപട്ടികയിലുള്ള ഇത്തരം ഉദ്യോഗാർത്ഥികൾ

നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കാത്തപക്ഷം, അവരുടെ രജിസ്റ്റർനമ്പരുകൾ ഇനിയൊരറിയിപ്പു കൂടാതെ ഈ സാധ്യതാ പട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

6. വിമുക്തഭടന്മാരായ ഉദ്യോഗാർത്ഥികൾ അവർക്കായുള്ള പ്രത്യേക ആനുകൂല്യങ്ങൾ അപേക്ഷയിൽ അവകാശപ്പെട്ടിട്ടുണ്ടെങ്കിൽ ആയവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കേണ്ടതാണ്. സ്പോർട്സ് ആനുകൂല്യം അവകാശപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കേണ്ടതാണ്.

7. സമയബന്ധിതമായി റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതിനാൽ അസ്സൽ രേഖകളും പകർപ്പുകളും ഹാജാരാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുകയോ വീണ്ടും ഒരവസരം നൽകുകയോ ചെയ്യുന്നതല്ല. ആകയാൽ അവസരം നഷ്ടപ്പെടാതിരിക്കാൻ ഉദ്യോഗാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതിന് ഉദ്യോഗാർത്ഥികൾ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് നിശ്ചയിച്ചിട്ടുള്ള ദിവസം കൃത്യസമയത്ത് സ്വന്തംചെലവിൽ നേരിട്ട് ഹാജാരാകേണ്ടതാണ്.

8. സാധ്യതാപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്കായുള്ള സർട്ടിഫിക്കറ്റ്പരിശോധനയ്ക്കുള്ള സമയവും തീയതിയും യഥാസമയം അറിയിക്കുന്നതാണ്.

(കമ്മീഷന്റെ ആജ്ഞാനുസരണം)
(ഒപ്പ്)
കെ.ജി. സുശീലാമ്മ
ജില്ലാ ആഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ആഫീസ്, എറണാകുളം.

Mg/D7